# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1120** **04.02.2019 – ൽ മറുപടിക്ക്**

**<u>നടക്കാവ്-പിറവം-ഓലിയപ്പുറം-കൂത്താട്ടുകുളം റോഡ് പുനർ നിർമ്മാണം</u>**

| <u>ചോദ്യം</u><br>ശ്രീ.അനൂപ് ജേക്കബ് : | | <u>മറുപടി</u><br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പ്രളയം മൂലം പിറവം നിയോജക മണ്ഡലത്തിലെ നടക്കാവ്- പിറവം - ഓലിയപ്പുറം-കൂത്താട്ടുകുളം റോഡിനുണ്ടായ നാശനഷ്ടവും തകർച്ചയും കണക്കാക്കുകയോ പരിശോധിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ റോഡിന്റെ ഏതൊക്കെ ഭാഗങ്ങളിൽ/റീച്ചുകളിൽ ആണ് ഏറ്റവും കൂടുതൽ തകർച്ച ഉണ്ടായത് എന്നറിയിക്കുമോ; | (എ) | ഉണ്ട്.<br>പേപ്പതിയ്ക്കും പാഴൂരിനുമിടയിൽ ചെയിനേജ് 16/400 മുതൽ 17/200 വരെയുള്ള ഭാഗം, ദേവിപ്പടി, പിറവം ടൗൺ, വാളിയപ്പാടം ജംഗ്ഷൻ എന്നിവിടങ്ങളിൽ സാരമായ കേടുപാട് സംഭവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ പേപ്പതി മുതൽ ഓലിയപ്പുറം വരെയുള്ള ഭാഗം പ്രളയത്തിന് മുമ്പെടുത്ത എസ്റ്റിമേറ്റ് അനുസരിച്ച് ബിറ്റുമിൻ കോൺക്രീറ്റ് ചെയ്യുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; | (ബി) | പേപ്പതി മുതൽ അഞ്ചൽപ്പെട്ടി കുരാപ്പിള്ളി കുരിശ് വരെയുള്ള ഭാഗം ബി.സി ചെയ്യുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രളയത്തിൽ പ്രസ്തുത റോഡ് ഭാഗം പൂർണ്ണമായും തകർന്ന സാഹചര്യത്തിൽ ബി.എം. ചെയ്യാതെ പുനരുദ്ധരിച്ചാൽ അടുത്ത മഴ ക്കാലത്ത് റോഡ് വീണ്ടും തകരുന്നത് ഒഴിവാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ പ്രസ്തുത ഭാഗത്ത് കാനകൾ നിർമ്മിച്ച് ബി.എം. ബി. സി. ചെയ്ത് പൂർണ്ണമായും | (സി) | പ്രളയത്തിന് മുമ്പെടുത്ത എസ്റ്റിമേറ്റ് തൃപ്പൂണിത്തുറ-പിറവം റോഡിൽ 16/400 മുതൽ 20/300 വരെയും തൊടുപുഴ-പിറവം റോഡിലെ കി.മീ. 25/000 മുതൽ 33/400 വരെയും ആയിരുന്നു. ബി.എം. ചെയ്യാതെ പുനരുദ്ധരിച്ചാൽ അടുത്ത മഴക്കാലത്ത് |

| | |
|---|---|
| പുനരുദ്ധരിക്കുന്നതിന് കൂടുതൽ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ? | റോഡ് വീണ്ടും തകരുന്നത് ഒഴിവാക്കാൻ കഴിയില്ല. ആയതിനാൽ ഏറ്റവും മോശമായി തകർന്ന സ്ഥലങ്ങളിൽ ബി.എം. ചെയ്ത് ബി.സി പ്രതലം ചെയ്യാൻ ഇപ്പോൾ എസ്റ്റിമേറ്റ് 5 കോടി രൂപയ്ക്ക് തന്നെ റീവൈസ് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**